നമ്പർ.ഡി5/3100/16/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം. തിരുവനന്തപുരം.
തീയതി. 01.06.2016.

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/സമാന തസ്തികകളി ൽ 2016-17 വർഷത്തേക്കുള്ള പൊതു സ്ഥലം മാറ്റത്തിന് അപേക്ഷിക്കുകയും, സ്ഥലമാറ്റം ലഭിക്കാതിരിക്കുകയും ചെയ്തവർക്ക് അവസരം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. 16.02.2016ലെ ഡി5/3100/16/ഡിപിഐ പ്രകാരമുള്ള സ ർക്കുലറുകൾ.
2. 31.05.2016-ലെ ഇതേ നമ്പർ ഉത്തരവ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/സമാന തസ്തികയിൽ 2016-17-ലെ പൊതു സ്ഥലം മാറ്റത്തിന് അപേക്ഷിക്കുകയും, സ്ഥലമാറ്റം ലഭിക്കാതിരിക്കുകയും ചെയ്തവർക്ക് ഒരവസരം കൂടി അനുവദിക്കുന്നതാണ്. ഇത് സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ ചുവടെ ചേർക്കുന്നു.

(1) 2016-17 അദ്ധ്യയനവർഷം സ്ഥലംമാറ്റത്തിന് അപേക്ഷിച്ച് ഒരു സ്ഥാപനത്തി ലേയ്ക്കും സ്ഥലം മാറ്റം ലഭിക്കാത്തവർക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ അവസരമുണ്ടായിരിക്കുകയുള്ളൂ.

(2) നിലവിലുള്ള ഒഴിവുകളുടെ വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(3) അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ഓൺലൈൻ രജിസ്ട്രേഷനിലൂടെ അവർക്ക് ലഭിച്ച ഐ.ഡി.നമ്പർ പാസ് വേഡ് ഉപയോഗിച്ച് സ്ഥലംമാറ്റ ത്തിനായുള്ള ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതാണ്. സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപനം ഒഴികെ അപേക്ഷയിൽ മറ്റ് വിവരങ്ങൾകൂടി കൂട്ടിചേർക്കാനോ ഒഴിവാക്കാനോ അനുവദിക്കുന്നതല്ല.

(4) അപേക്ഷകന് 21 സ്ഥലങ്ങളിലേയ്ക്കും സ്ഥലം മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്.

(5) ഒരു സ്ഥാപനത്തിലേയ്ക്ക് ഒന്നിലധികം അപേക്ഷ ലഭ്യമായാൽ സീനിയോറിറ്റി, പ്രത്യേക പരിഗണന തുടങ്ങിയ മാനദണ്ഡം അടിസ്ഥാനപ്പെടുത്തിയായിരിക്കും നിയമനം നല്കുക.

(6) ഇത്തരത്തിൽ അപേക്ഷിക്കുന്നവർക്ക് 2016-17 അദ്ധ്യയനവർഷത്തിൽ തുടർന്നുവരുന്ന മറ്റ് സ്ഥലംമാറ്റത്തിന് (Higher option) പരിഗണിക്കുന്നതല്ല.

(7) മേൽ പ്രകാരമുള്ള അപേക്ഷ 04.06.2016-ന് 5 പി.എം.ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

1. എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2. ഡയറക്ടർ ഐ.ടി.അറ്റ് സ്ക്കൂൾ, പൂജപ്പുര, തിരുവനന്തപുരം.